(ബി) പ്രസ്തുത ഒഴിവുകളിലേക്ക് കോട്ടയം ജില്ലയിൽനിന്നും സ്ഥലം മാറ്റം മുഖേന നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ്;

(സി) ഇടുക്കി ജില്ലയിൽ തന്നെയുള്ള ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ് പാസ്സായ അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇടുക്കി ജില്ലയിൽ ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ് പാസ്സായ എത്ര പേർ ഉണ്ട്?

ഉത്തരം

(എ) ഹെഡ്കോൺസ്റ്റബിൾമാരുടെ 33 ഒഴിവുകളുണ്ട്.

(ബി) ഇല്ല. എന്നാൽ കോട്ടയം ജില്ലയിലെ ഏറ്റവും ജൂനിയറായ 33 ഹെഡ് കോൺസ്റ്റബിൾമാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(സി) പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 358 പേർ ഉണ്ട്.

കേരളത്തിലെ മിന്നൽപ്പടകളുടെ രൂപീകരണം

43 [1164] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിന്നൽപ്പടയ്ക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി എന്തായി; വിശദാംശം വ്യക്തമാക്കാമോ;

(സി) മിന്നൽപ്പടയുടെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് ആസ്ഥാനമാക്കി സ്പെഷ്യൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ ഒരു സേന രൂപീകരിച്ചിട്ടുണ്ട്.

(സി) സാമുദായിക കലാപങ്ങൾ അമർച്ച ചെയ്യുന്നതിനു വേണ്ടിയാണ് ഈ സേന രൂപീകരിച്ചിട്ടുള്ളത്.

പൊതുജനങ്ങളെ കബളിപ്പിച്ച് വൻതുകകൾ തട്ടിയെടുത്തവർക്കെതിരെ നടപടി

44 [1166] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ചിയം, തേക്ക്, ആടു വളർത്തൽ എന്നീ പദ്ധതികളുടെ പേരിൽ പൊതുജനങ്ങളെ കബളിപ്പിച്ച് വൻതുകകൾ തട്ടിയെടുത്ത വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും പേരിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly